*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാർ** **നവംബർ, 2003**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 23D

**ഒക്ടോബർ 25-30, 2003**

## VS പ്രസാദ റാവു

ആദ്യപ്രഭാഷകൻ വി.എസ്. പ്രസാദറാവു ആയിരുന്നു. അദ്ദേഹം നാഷണൽ അസസ്മെന്റ് & അക്രഡിറ്റേഷൻ കമ്മറ്റി(NAAC)യുടെ ചുമതലക്കാരനായിരുന്നു. അത് ഓരോ യൂണിവേഴ്സിറ്റിയെയും ഓരോ ലക്ചററെയും ഓരോ ബിരുദത്തെയും വിലയിരുത്തുന്ന ഉന്നത സ്ഥാപനമാണ്. അതാണ് നിലവാരം നിശ്ചയിക്കുന്നത്. അതൊരു മേൽനോട്ട സമിതിയാണ്. പ്രസാദ റാവു, ആദ്യപ്രഭാഷകൻ, ഏതാനും സുപ്രധാന പരാമർശങ്ങൾ നടത്തുകയുണ്ടായി, അത് എല്ലാ സായീഭക്തർക്കും വളരെ താത്പര്യമുള്ളതാവും.

**വസ്തുത 1** : "ഞങ്ങൾ, വൈസ് ചാൻസലർമാർ ഇവിടുത്തെ മുഴുവൻ യൂണിവേഴ്സിറ്റിയും സന്ദർശിക്കുകയുണ്ടായി. ഞങ്ങൾ എല്ലാ ഡിപ്പാർട്ട്മെന്റുകളിലും പോയി. എല്ലാ ഹോസ്റ്റലുകളും ഞങ്ങൾ സന്ദർശിച്ചു. ഞങ്ങൾ ആസ്പത്രികൾ സന്ദർശിച്ചു. ഞങ്ങൾ ചൈതന്യജ്യോതി മ്യൂസിയം സന്ദർശിച്ചു. പ്രശാന്തിനിലയത്തിലെ കൗതുകകരമായ സ്ഥലങ്ങളിലൊക്കെ ഞങ്ങൾ പോവുകയുണ്ടായി, ഈ കേന്ദ്രങ്ങളുടെയൊക്കെ ചുമതലക്കാരുമായി സംസാരിക്കാനുള്ള അവസരവും ഞങ്ങൾക്കു ലഭിച്ചു."

**വസ്തുത 2** : "നമ്മുടെ കോൺഫറൻസ് ഈ ദിവ്യസാന്നിധ്യത്തിൽ നടന്നത് ഞങ്ങൾ, വൈസ് ചാൻസലർമാർ ഒരു അനുഗ്രഹമായി കരുതുന്നു, ഭഗവാൻ ശ്രീ സത്യസായി ബാബ ഞങ്ങൾക്കു തന്ന ഏറ്റവും വലിയ ഭാഗ്യമായി കരുതുന്നു."

**വസ്തുത 3** : "ഞങ്ങൾ, വൈസ് ചാൻസലർമാർ, ഈ യൂണിവേഴ്സിറ്റിയിലെ ടീച്ചർമാരുടെയും പ്രഫസർമാരുടെയും ഭക്തിഭാവം, സമർപ്പണം, ചുമതലാബോധം എന്നിവ ശ്രദ്ധി

ക്കുകയുണ്ടായി. വിദ്യാർത്ഥികൾക്കിടയിലെ അച്ചടക്കവും ഞങ്ങൾ നിരീക്ഷിച്ചു. ഞങ്ങൾ സൂപ്പർ സ്പെഷ്യാലിറ്റി ആസ്പത്രി സന്ദർശിക്കുമ്പോൾ, അവിടെ ജോലി ചെയ്യുന്ന സത്യ സായി ഇൻസ്റ്റിറ്റ്യൂട്ടിലെ ഏതാനും പൂർവവിദ്യാർത്ഥികളെ കാണാനിടയായി. ഈ യൂണി വേഴ്സിറ്റിയിലെ വിദ്യാർത്ഥികൾ എന്ന നിലയ്ക്ക് അവർക്ക് സിദ്ധിച്ച മൂല്യങ്ങളൊക്കെ ഈ മുൻവിദ്യാർത്ഥികൾ പരിശീലിക്കുന്നതായി ഞങ്ങൾ നിരീക്ഷിച്ചു.''



UGC സുവർണജൂബിലി സെമിനാർ ഉത്ഘാടനച്ചടങ്ങ്-പ്രശാന്തിനിലയം

**അടുത്ത വസ്തുത** : ''ഈ കമ്മറ്റി അംഗങ്ങൾ ബോധ്യപ്പെടുകയും ഈ സർവകലാശാ ലയെ 'ഭാരതീയ വിദ്യാഭ്യാസത്തിന്റെ ചൂഡാരത്നം' എന്ന് പൂർണമായും അഭിനന്ദിക്കു കയും ചെയ്യുന്നു.

അദ്ദേഹം പറഞ്ഞു, ''ശ്രീ സത്യസായി യൂണിവേഴ്സിറ്റിയിൽ അനുവർത്തിക്കപ്പെട്ടുപോ രുന്ന വിദ്യാഭ്യാസ സമ്പ്രദായം 'സംയോജിത വിദ്യാഭ്യാസം'(integrated education) എന്നാണറിയപ്പെടുന്നത്. എന്താണീ സംയോജിത വിദ്യാഭ്യാസം? അക്കാദമിക് പാഠ്യപദ്ധ തിക്കൊപ്പം മാനവമൂല്യങ്ങളും പഠിപ്പിക്കുകയെന്നാണ് അതിനർത്ഥം. ഒരുവൻ ഫിസിക്സ് പഠിപ്പിക്കുന്നതിനൊപ്പംതന്നെ മൂല്യങ്ങളും പഠിപ്പിക്കുന്നു. ഒരുവൻ ബയോ-സയൻസ് പഠി പ്പിക്കുന്നതിനൊപ്പംതന്നെ അയാൾ ആ വിഷയത്തെ മാനവമൂല്യങ്ങളുമായി സംയോ ജിപ്പിക്കുന്നു. ഇതിനെയാണ് 'സംയോജിത വിദ്യാഭ്യാസം' എന്നു വിളിക്കപ്പെടുന്നത്, അത് ഇവിടെ, സ്വാമിയുടെ സർവകലാശാലയുടെ പ്രത്യേകതയാണ്.''

“ശ്രീ സത്യസായി യൂണിവേഴ്സിറ്റിയിൽ ‘പാരിസ്ഥിതികശാസ്ത്രം’(Environmental Science) എന്ന പേരായി ഒരു സ്പെഷ്യൽ കോഴ്സുണ്ട്. പാരിസ്ഥിതികശാസ്ത്രം ലോക മെമ്പാടുമുണ്ട്, പക്ഷേ ഈ യൂണിവേഴ്സിറ്റിയിൽ പാരിസ്ഥിതികശാസ്ത്രം മൂല്യസമ്പ്രദാ യവുമായി മനോഹരമായി സംയോജിപ്പിച്ചിരിക്കുന്നു. മൂല്യങ്ങൾ അനുവർത്തിക്കുന്നതിലൂ ടെ, നിങ്ങൾക്ക് പരിസ്ഥിതിയുടെ പരിശുദ്ധി കാത്തുസൂക്ഷിക്കാനാവും. ഈ മൂല്യങ്ങൾ പരിശീലിക്കുന്നതിലൂടെ, പരിസ്ഥിതിയെ സകലവിധ മലിനീകരണത്തിൽനിന്നും സംരക്ഷി ക്കുന്നതിന് കഴിയും. രാജ്യത്തുടനീളമുള്ള എല്ലാ യൂണിവേഴ്സിറ്റികളും ഈ മൂല്യങ്ങൾ സ്വീകരിക്കേണ്ടതാണ്.”

പ്രസാദറാവു അവസാനമായി പറഞ്ഞത് എന്തെന്നാൽ, രാജ്യത്തെമ്പാടുമുള്ള പ്രഫ സർമാരെ പല ബാച്ചുകളായി പരിശീലിപ്പിക്കുന്നതിലേക്കായി, അവർക്ക് സംയോജിത വിദ്യാഭ്യാസം എന്തെന്ന് മനസ്സിലാക്കുന്നതിനായി, അക്കാദമിക് പാഠ്യപദ്ധതിക്കൊപ്പം മാനവമൂല്യങ്ങളെ എങ്ങനെ സംയോജിപ്പിക്കാമെന്ന് പഠിക്കുന്നതിലേക്കായി, സിലബസി ലേക്ക് മൂല്യങ്ങളെ എങ്ങനെ അവതരിപ്പിക്കാമെന്ന് മനസ്സിലാക്കുന്നതിനായി, മാനവിക മൂല്യ വിദ്യാഭ്യാസത്തിനുള്ള ഒരു ദേശീയ ശ്രേഷ്ഠകേന്ദ്രം(National Institute of Excellence in Education in Human Values) ആരംഭിക്കുന്നതിന് എല്ലാ വൈസ് ചാൻസ ലർമാരും ഈ യൂണിവേഴ്സിറ്റിയുടെ ചാൻസലർ ആയ ഭഗവാൻ ശ്രീ സത്യസായി ബാബ യോട് അപേക്ഷിക്കുകയുണ്ടായി എന്നാണ്. അതുകൊണ്ട്, ബാബ, ഇത്തരമൊരു ദേശീയ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

## പ്രഫ. കെ. സുധാ റാവു

രണ്ടാമത്തെ പ്രസംഗം ഒരു സ്ത്രീയുടേത് ആയിരുന്നു, പ്രഫ.കെ. സുധാ റാവു. അവർ കർണാടക സംസ്ഥാനത്തെ മൈസൂർ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ വൈസ്-ചാൻസലർ ആണ്. അവർ വളരെ സംക്ഷിപ്തമായ ഒരു പ്രസംഗമാണ് ചെയ്തത്. അവർ നടത്തി. പരാമർശങ്ങളിലെ വസ്തുതകൾ ഇവയാണ്.

“ഈ സ്ഥാപനത്തിലെ ഓരോ വ്യക്തിയെയും ഓരോ വ്യക്തിയായിട്ടല്ല ഞാൻ കാണുന്ന ത്, അവരവരിൽത്തന്നെ സ്വയം ഒരു സ്ഥാപനമായിട്ടാണ്.” അവർ ഇങ്ങനെയും പറയുക യുണ്ടായി, “മാനവവ്യക്തിത്വത്തിന്റെ സമഗ്ര വികാസത്തിനായി, ഈ യൂണിവേഴ്സി

റ്റിയിൽ അനുവർത്തിച്ചുപോരുന്ന സംയോജിത വിദ്യാഭ്യാസപദ്ധതി'(integrated education system), ഏറ്റവും അനുയോജ്യവും തികച്ചും മാതൃകാപരവുമാണ്."



"മൂല്യങ്ങൾ ലോകമെമ്പാടും ചർച്ചചെയ്യപ്പെടുകയാണെന്ന് ഞങ്ങൾ കാണുന്നു." ഇവിടെ മൂല്യങ്ങൾ നിത്യജീവിതത്തിൽ പരിശീലിക്കപ്പെടുന്നതാണ് അവർ കണ്ടത്. വിദ്യാർത്ഥികളും അധ്യാപകരും പരസ്പരം സംസാരിക്കുന്ന രീതി, അവരുടെ പെരുമാറ്റം, അവരുടെ ദൈനംദിനാനുഷ്ഠാനം തുടങ്ങിയവയിലാണ് അവരിത് കണ്ടത്. അവർ പറഞ്ഞു, "മൂല്യങ്ങൾ ആചരിക്കപ്പെടാതെ, കേവലം അവയെക്കുറിച്ച് പ്രസംഗിച്ചതുകൊണ്ടോ അവ പഠിപ്പിച്ചതുകൊണ്ടോ, അവയുടെ മൂല്യം നഷ്ടമാവുകയാണ്. ഈ യൂണിവേഴ്സിറ്റിയിൽ മൂല്യങ്ങൾ അനുഷ്ഠിക്കപ്പെടുകയാണ്."

അവർ അവരുടെ പ്രസംഗം ഇപ്രകാരം പറഞ്ഞുകൊണ്ട് സംഗ്രഹിക്കുകയുണ്ടായി, "ഇതെല്ലാം സാധ്യമാവുന്നത് ഈ യൂണിവേഴ്സിറ്റി, ഭഗവാൻ ശ്രീ സത്യസായി ബാബ ചാൻസലറായി ഇരുന്നുകൊണ്ട്, ഭ്രാന്തു പിടിച്ച തിരക്കിൽനിന്ന് അകന്ന്, ഇതുപോലെ

യുള്ള ഒരു മാതൃകാ സ്ഥാനത്ത് സ്ഥിതി ചെയ്യുന്നതുകൊണ്ടാണ്. ഞങ്ങൾക്ക് നൽകപ്പെട്ട ആചാരമര്യാദയിലും ക്ഷണത്തിലും മഹാമനസ്കതയിലും ആതിഥ്യമര്യാദയിലും ഞങ്ങൾ സ്വാമിയോടും യൂണിവേഴ്സിറ്റി പ്രഫസർമാരോടും നന്ദി പറയുകയാണ്.''

## എൻ.ജയശങ്കരൻ

മൂന്നാമത്തെ പ്രഭാഷകൻ എൻ. ജയശങ്കരൻ ആയിരുന്നു. അദ്ദേഹം തമിഴ്നാട്ടിലെ കാഞ്ചീപുരത്ത് സ്ഥിതിചെയ്യുന്ന ശ്രീ ചന്ദ്രശേഖര സരസ്വതി വിശ്വ മഹാ വിദ്യാലയത്തിന്റെ വൈസ്-ചാൻസലറാണ്. അദ്ദേഹത്തിന്റെ പ്രഭാഷണത്തിന് ഒത്തിരി കരഘോഷം ലഭിക്കുകയുണ്ടായി. എല്ലാവർക്കും അതിഷ്ടപ്പെട്ടു. മൂന്നാമത്തെ പ്രഭാഷകന്റെ പ്രസംഗസാരം ഇതാണ്:



വ്യത്യസ്ത ഭാഷകളിലെ അവതരണത്തിനുശേഷം

“ഇവിടെ കൂടിയിരിക്കുന്ന വൻ പുരുഷാരത്തെ, വിദ്യാർത്ഥികൾ, സ്റ്റാഫ്, ഭക്തർ ഒക്കെ കാണുമ്പോൾ ഓഡിറ്റോറിയത്തിലെ ഓരോരുത്തരും ഭഗവാൻ ശ്രീ സത്യസായി ബാബയുടെയും അവിടുത്തെ അനുഗ്രഹത്തിന്റെയും പ്രതിബിംബങ്ങളായിട്ടാണ് ഞാൻ കാണുന്നത്. ഞാൻ നിരവധി സിംപോസിയങ്ങളിലും കോൺഫറൻസുകളിലും പങ്കെടുത്തിട്ടുള്ള ആളാണ്. ആദ്യമായി, എന്റെ ശബ്ദം തടസ്സപ്പെടുന്നു, കാലുകൾ വിറയ്ക്കുന്നു. ഞാൻ അഞ്ചു ഗ്ലാസ്സ് വെള്ളമെങ്കിലും അകത്താക്കിയത് നിങ്ങൾ ശ്രദ്ധിച്ചുകാണും. ഇതിനെല്ലാം കാരണം, ഞാൻ ഈശ്വരനായ ശ്രീ സത്യസായി ബാബയുടെ സന്നിധിയിലാണ് എന്നതാണ്. അതെന്നെ വികാരവിവശനാക്കുന്നു.''

പിന്നെ, തലേന്ന്, ഒക്ടോബർ 30-ാം തീയതി, നാല് വിദ്യാർത്ഥികൾ നാല് ഭാഷകളിൽ-ഹിന്ദി, സംസ്കൃതം, തെലുങ്ക്, ഇംഗ്ലീഷ്-സംസാരിച്ചതിനെക്കുറിച്ച് അദ്ദേഹം പരാമർശിക്കുക

യുണ്ടായി. നാല് വ്യത്യസ്ത ഭാഷകളിൽ വിദ്യാർത്ഥികൾ ചെയ്ത നാലു പ്രസംഗ ങ്ങളെയും വൈസ്-ചാൻസലർ പുകഴ്ത്തുകയുണ്ടായി.

"ഈ രാജ്യത്ത് പ്രസിദ്ധരായ കുറെ പ്രാസംഗികരുണ്ട്: യശ:ശരീരനായ സർവേപ്പള്ളി രാധാകൃഷ്ണൻ, ലക്ഷ്മണസ്വാമി മുതലിയാർ, രാമസ്വാമി മുതലിയാർ, സർവശ്രീ ശ്രീനി വാസ ശാസ്ത്രി. അവരെല്ലാവരും തമിഴ്നാട്ടുകാരാണ്. അവരെല്ലാവരും ജനപ്രീതി യാർജ്ജിച്ച പ്രാസംഗികരാണ്. ബ്രിട്ടീഷുകാർ ഇവരുടെ ഇംഗ്ലീഷിനെ പുകഴ്ത്തിയിരുന്നു. ഈ പ്രാസംഗികരിൽ ചിലർ ബ്രിട്ടീഷുകാരുടെ ഉച്ചാരണം പോലും തിരുത്തിയവരാണ്. ഇവരിൽ ചിലർ അവരുടെ വ്യാകരണപ്പിശകുകൾ ചൂണ്ടിക്കാണിച്ചവരാണ്. ഇംഗ്ലീഷ് ഭാഷ യിലും സാഹിത്യത്തിലും അവർക്കുണ്ടായിരുന്ന പാണ്ഡിത്യം നിങ്ങൾക്ക് സങ്കൽപ്പിക്കാ വുന്നതേയുള്ളൂ."

എന്നിട്ട് ജയശങ്കരൻ പറഞ്ഞു, "വരും വർഷങ്ങളിൽ ഈ പ്രസംഗിച്ച നാല് വിദ്യാർത്ഥി കളും ആ നിലവാരത്തിലുള്ള വാഗ്മികളായിത്തീരാൻ പോവുകയാണ്." വീണ്ടും അദ്ദേഹം



ഗ്രാമസേവയെപ്പറ്റി വിദ്യാർത്ഥികളുടെ അവതരണം

പറഞ്ഞു, "വേദിയിലുള്ള എല്ലാ വൈസ്-ചാൻസലർമാരും ആ നിലവാരത്തിലുള്ള പ്രസംഗം ചെയ്യാൻ സമർത്ഥരല്ല. ആശയവിനിമയത്തിനുള്ള സകല നൈപുണികളും

സാമർത്ഥ്യവും, ഭാഷ, ഭാവം, ചിന്തകൾ ഇവയൊക്കെ ഈ യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികൾക്ക് ഭഗവാന്റെ സമ്മാനമാണ്. ഇവിടെയുള്ള എല്ലാ വിദ്യാർത്ഥികളും സായി യുടെ സന്ദേശവാഹകരാവണമെന്ന്, ലോകമെമ്പാടും സായീസന്ദേശം പ്രചരിപ്പിക്കുന്നവ രാവണം എന്ന് ഞാൻ അപേക്ഷിക്കുകയാണ്.''

അദ്ദേഹം ഒരു ചെറിയ ചമത്കാരം സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ വേലക്കാരി യുടെ മകൾക്ക് ഒരു ഹൃദയത്തകരാറുണ്ടായിരുന്നു. ചികിത്സയ്ക്കായി ആ കൊച്ചു പെൺകുട്ടിയെ മദ്രാസിലെ അപ്പോളോ ആസ്പത്രിയിലേക്ക് കൊണ്ടുപോയി. എല്ലാ ടെസ്റ്റു കളും നടത്തിയതിനുശേഷം, 3 ലക്ഷം രൂപാ ചെലവു വരുന്ന ഒരു ശസ്ത്രക്രിയയ്ക്ക് ആ കുട്ടി വിധേയയാകേണ്ടതുണ്ടെന്ന് ഡോക്ടർമാർ പറഞ്ഞു. ഒരു വേലക്കാരിക്ക് ഇത്രയും പണം ചെലവിടാനാവുമെന്ന് നിങ്ങൾക്ക് കരുതാനാവില്ല. അത് പ്രായോഗികമായി അസാ ദ്ധ്യമാണ്. അതുകൊണ്ട്, അവൾ കരഞ്ഞുകൊണ്ടേയിരുന്നു. ഈ വൈസ്-ചാൻസലറുടെ വീട്ടിലായിരുന്നു അവൾ വേലയ്ക്ക് നിന്നിരുന്നത്.

വേലക്കാരിക്കായി എന്തെങ്കിലും ചെയ്യണമെന്ന് വൈസ്-ചാൻസലർക്കു തോന്നി. സ്വാമി വൈറ്റ്ഫീൽഡിലുള്ള അവസരത്തിൽ ഔദ്യോഗികാവശ്യത്തിന് അദ്ദേഹത്തിന് ബാംഗ്ലൂ രിന് പോവാനുള്ള അവസരം ലഭിച്ചു, ഒരു ഇന്റർവ്യൂവും തരപ്പെട്ടു.

അവിടെവച്ച് അദ്ദേഹം പറഞ്ഞു, ''സ്വാമീ, എനിക്കൊരു അപേക്ഷയുണ്ട്.''

''എന്താണ്?''

''എന്റെ പരിചാരികയുടെ മകൾക്ക് ഹൃദയത്തകരാറാണ്, സ്വാമീ. അവിടുന്ന് അവളെ അനുഗ്രഹിക്കണം.''

''അങ്ങനെയാണോ?''

അവിടുന്ന് അവൾക്കായി വിഭൂതി സൃഷ്ടിച്ചു. എന്നിട്ട് അവിടുന്ന് ആ ആസ്പത്രിയുടെ ഡയറക്ടറായ ഡോ. സഫയയെ വിളിച്ചു, ഈ പെൺകുട്ടിയുടെ ഓപ്പറേഷൻ എത്രയും വേഗം നടത്തണമെന്ന് നിർദ്ദേശം നൽകി. തികച്ചും സൗജന്യമായി പെൺകുട്ടിയുടെ ശസ്ത്രക്രിയ നടത്തപ്പെട്ടു. ഇപ്പോൾ മൂന്നു കൊല്ലമായിരിക്കുന്നു, അവൾ ആരോഗ്യവതി യായി, സുഖമായി ഇരിക്കുന്നു. ഡോക്ടർമാർ അവൾ മൂന്ന് മാസമേ ജീവിച്ചിരിക്കൂ എന്നു പറഞ്ഞതാണ്, അത്ര മാത്രം. പക്ഷേ, ഇപ്പോൾ മൂന്നു കൊല്ലം കടന്നിരിക്കുന്നു.

വൈസ്-ചാൻസലർ മറ്റൊരു സംഭവവും സ്മരിക്കുകയുണ്ടായി. മൂന്നു കൊല്ലം മുമ്പ്, അദ്ദേഹത്തിനൊപ്പം അതേ ദിവസംതന്നെ ബാബയാൽ ഇന്റർവ്യൂവിന് വിളിക്കപ്പെട്ട

മറ്റൊരു വ്യക്തിയുമുണ്ടായിരുന്നു. അയാൾ ഇംഗ്ലണ്ടിൽനിന്നായിരുന്നു. ആ ഭക്തന് മൂന്ന് രത്നങ്ങൾ പതിച്ച ഒരു മോതിരം ഉണ്ടായിരുന്നു. ദീർഘകാലത്തെ ഉപയോഗം നിമിത്തം ആ മോതിരത്തിന്റെ ആകൃതി മാറിപ്പോയിരുന്നു. രൂപഘടന മാറിയിരുന്നു, ഒരു രത്നം ഇളകി നഷ്ടമായിരുന്നു.

സ്വാമി മെല്ലെ അത് ഇളക്കി മാറ്റി. "ഹും! ആകൃതി മാറിപ്പോയി. രത്നങ്ങളില്ല."

"സ്വാമീ, ഒരെണ്ണം താഴെപ്പോയി. എന്തു ചെയ്യും?"

"അങ്ങനെയോ?" (സ്വാമി അതിന്മേൽ ഊതുകയുണ്ടായി). മൂന്ന് രത്നങ്ങളോടുകൂടിയ ഒരു തികഞ്ഞ മോതിരം പ്രത്യക്ഷമായി-മൂന്ന് കുറവുതീർന്ന രത്നങ്ങൾ, തിളങ്ങുന്ന പുതിയ മോതിരം. സ്വാമി അത് അയാൾക്കു നൽകി.

വീണ്ടും, വൈസ്-ചാൻസലർ ജയശങ്കരൻ പറഞ്ഞു, "സ്വാമീ, ഒരു വിവാഹപ്പാർട്ടിക്ക് നൽകുന്നതിനു തുല്യമായ തരത്തിലുള്ള ദയാവായ്പുള്ള ആതിഥ്യം ഞങ്ങൾക്കു തന്നതിന് ഞങ്ങൾ അവിടുന്നിനോട് കടപ്പെട്ടിരിക്കുന്നു. ഫസ്റ്റ് ക്ലാസ് പരിഗണനയായി രുന്നു ഞങ്ങൾക്ക്. അവിടുന്നിന് വളരെ നന്ദി. ഓരോ മിനിട്ടും ഞങ്ങൾ ആസ്വദിച്ചു."

എന്നിട്ട് അദ്ദേഹം പറഞ്ഞു, "എല്ലാ വൈസ്-ചാൻസലർമാരും ഇവിടെ വന്നത് വെറുമൊരു കോൺഫറൻസിൽ പങ്കെടുക്കാൻവേണ്ടിയല്ല. ഇത് പ്രശാന്തിനിലയത്തിലേക്കുള്ള ഒരു പുണ്യതീർത്ഥാടനമാണ്." ഇവിടെ അദ്ദേഹത്തിന് ദർശിക്കാനായ പ്രശാന്തി, ധർമ്മനിഷ്ഠ, ശ്രേഷ്ഠത, ദിവ്യത്വം, സമാധാനം, നിശ്ശബ്ദത എന്നിവ മറ്റൊരിടത്തും ഒരിക്കലും ഇന്നേ വരെ അനുഭവിച്ചിട്ടില്ല എന്നും അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായി.

അദ്ദേഹം തന്റെ പ്രസംഗം അവസാനിപ്പിച്ചത് ഒരു സുന്ദരമായ പരാമർശത്തോടെയാണ്, അത് നിങ്ങൾക്ക് ഇഷ്ടമാവുമെന്ന് എനിക്ക് ഉറപ്പുണ്ട്. അദ്ദേഹം പറഞ്ഞു, "സ്വാമീ, ഈ രാജ്യത്ത് മുന്നൂറ് സർവകലാശാലകളുണ്ട്. ഈ സർവകലാശാല മഹത്തായതിനു കാരണം അവിടുത്തെ സാന്നിധ്യമാണ്. അവിടുന്ന് മുന്നൂറ് രൂപങ്ങളെടുത്ത് ഓരോ സർവ കലാശാലയുടെയും ചാൻസലറായി ഇരിക്കാൻ ഞാൻ പ്രാർത്ഥിക്കുകയാണ്, അപ്പോൾ മറ്റു സർവകലാശാലകൾക്കും ഈ നിലവാരത്തിലേക്ക് ഉയരുന്നതിന് സാധിക്കും. അല്ലാ

ത്തപക്ഷം, അവിടുത്തെ സർവകലാശാലയ്ക്ക് തുല്യമാവുക അസാധ്യമാണ്.''



സായന്തനത്തിലെ വിടവാങ്ങൽ ചടങ്ങ്

സാധാരണയായി വൈസ്–ചാൻസലർമാരും പ്രഫസർമാരുമൊക്കെ മറ്റു സ്ഥലങ്ങളിൽ കോൺഫറൻസുകൾക്ക് പോവുമ്പോൾ, അവർ കാഴ്ചകൾ കാണുന്നതിനും, കുടുംബാംഗ ങ്ങൾക്ക് സമ്മാനങ്ങൾ വാങ്ങുന്നതിനായി ഷോപ്പിംഗിനും ഒക്കെ പോവാറുണ്ട്. വൈസ്–ചാൻസലർമാർ പറഞ്ഞു, ''വൈസ്–ചാൻസലർമാർ എല്ലാ കാര്യപരിപാടിക്കും ഇരുന്ന ഒരേയൊരു സ്ഥലം ഇതാണ്.'' അവർ വളരെ ഗൗരവത്തിൽ, കാര്യങ്ങൾ വളരെ ഗൗരവമായാണ് എടുത്തത്. അത്ഭുതങ്ങളുടെ അത്ഭുതം എന്തെന്നാൽ, വൈസ്–ചാൻസ ലർമാർ എല്ലാ കാര്യങ്ങളിലും, അവസാനം എത്തിച്ചേർന്ന തീരുമാനങ്ങളിലെല്ലാം, യോജിച്ചു എന്നതാണ്. എല്ലാ പ്രമേയങ്ങളും ഏകകണ്ഠമായാണ് പാസ്സായത്. ഇതാണ് ഭഗവാന്റെ അനുഗ്രഹം!

ഇതാണ്, ചുരുക്കത്തിൽ, ഒക്ടോബർ 30–ന് നടന്ന സമാപനച്ചടങ്ങ്. ഇത് കുറേനാളുകൾക്കു ശേഷം, സനാതനസാരഥിയിൽ പ്രത്യക്ഷപ്പെടുകുണ്ടായി.

*ഓം ലോകാ സമസ്താ സുഖിനോ ഭവന്തു*
*ലോകാ സമസ്താ സുഖിനോ ഭവന്തു*
*ലോകാ സമസ്താ സുഖിനോ ഭവന്തു*

*ഓം ശാന്തി: ശാന്തി: ശാന്തി:*



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)